കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - കോട്ടയം നഗരസഭ - ജീവനക്കാര്യം - ദിവസവേതനാടിസ്ഥാനത്തിൽ ടെലഫോൺ അറ്റൻഡറായി ജോലി നോക്കിവരുന്ന ശ്രീ. പി.എച്ച്. റഷീദിനെ സ്ഥിരപ്പെടുത്തുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം.എസ്) നം.267/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 27/7/2013

പരാമർശം :

1. ശ്രീ. പി.എച്ച്. റഷീദ് 8/7/2011 ന് സർക്കാറിൽ സമർപ്പിച്ച നിവേദനം
2. 9/11/2011, 17/11/2011, 22/03/2012 എന്നീ തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഇ 2-17120/11 നം. കത്തുകൾ
3. 17/03/2012, 23/4/2012 എന്നീ തീയതികളിലെ കോട്ടയം നഗരസഭാ സെക്രട്ടറിയുടെ എം.ഒ.ജി1-29520/2011 നം. കത്തുകൾ
4. സർക്കാറിന്റെ 13/6/2012 ലെ 58710/ഇയു3/2011 ത.സ്വ.ഭ നം. കത്ത്
5. 06/11/2012 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ എ V(1)15968/2012 ഗവി നം.കത്ത്
6. സർക്കാറിന്റെ 02/02/2013 ലെ 58710/ഇ.യു3/2011/തസ്വഭവ നം.കത്ത്
7. 04/06/2013 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ എ V(1)15968/2012 ഗവി നം.കത്ത്

## ഉത്തരവ്

കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശ്രീ. പി.എച്ച്. റഷീദിനെ കോട്ടയം നഗരസഭാ ഓഫീസിൽ ടെലഫോൺ അറ്റൻഡറായി താത്ക്കാലികമായി നിയമിക്കുകയുണ്ടായെന്നും അപ്രകാരം 02/05/2009 മുതൽ 27/10/2009 വരെയും, 26/11/2010 മുതൽ 23/05/2011 വരെയും ശ്രീ. പി.എച്ച്. റഷീദ് കോട്ടയം നഗരസഭാ ഓഫീസിൽ താത്ക്കാലികമായി ജോലി നോക്കിയിരുന്നുവെന്നും തുടർന്ന് ടിയാന്റെ സേവനം തൃപ്തികരമായതിനാൽ ടിയാനെ 25/05/2011 മുതൽ സി.എൽ.ആർ. വ്യവസ്ഥയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച് ഇപ്പോഴും കോട്ടയം നഗരസഭാ ഓഫീസിൽ ടെലഫോൺ അറ്റൻഡർ ആയി ജോലി ചെയ്തുവരുന്നതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജന്മനാ പൂർണ്ണമായും അന്ധനായ വ്യക്തിയാണെന്നും പ്രീഡിഗ്രിയും ടെലഫോൺ ഓപ്പറേറ്റർ ട്രെയിനിംഗും പാസായ താൻ വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണെന്നും, ഭാര്യയ്ക്ക് സ്ഥിരമായ ജോലിയോ മറ്റുവരുമാന മാർഗ്ഗങ്ങളോ ഇല്ലാത്തതിനാൽ കുടുംബത്തെ പോറ്റിവളർത്താൻ വളരെയധികം ബുദ്ധിമുട്ടുകയാണെന്നും ആയതിനാൽ തനിക്ക് കോട്ടയം മുനിസിപ്പൽ ഓഫീസിൽ ടെലഫോൺ ഓപ്പറേറ്ററായി

സ്ഥിരനിയമനം നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് ശ്രീ. പി.എച്ച്. റഷീദ് സർക്കാർ മുമ്പാകെ പരാമർശം ഒന്ന് പ്രകാരവും തുടർന്നും നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

കോട്ടയം നഗരസഭയിൽ ടെലഫോൺ അറ്റൻഡർ തസ്തികയിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തിയോ നടത്താവുന്നതാണെന്നും നിലവിൽ ടെലഫോൺ ഓപ്പറേറ്റർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലെന്നും ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല എന്നും പരാമർശം (2)ലെ 17/11/2011 ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകന്റെ യോഗ്യതയും തൊഴിൽ പരിചയവും, ടി ആൾ ജന്മനാ 100% അന്ധനാണെന്നുമുള്ള കാര്യവും പരിഗണിച്ച് മാനുഷിക പരിഗണന നൽകി ടി ആളെ കോട്ടയം നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി ടെലഫോൺ ഓപ്പറേറ്ററായി സ്ഥിരനിയമനം നൽകി ഉത്തരവാകാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിലവിലുള്ള ടെലഫോൺ അറ്റൻഡർ തസ്തികയിൽ ശ്രീ. റഷീദിനെ നിയമിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് കോട്ടയം നഗരസഭാ കൗൺസിൽ 29/02/2012 ലെ 38 ാം നം തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടെലഫോൺ അറ്റൻഡർ തസ്തികയിൽ നിലവിലുള്ള ഒഴിവ് പി.എസ്.സി മുഖാന്തിരം സ്ഥിരനിയമനം നടത്തുന്നതിന് നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന്കോട്ടയം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കോട്ടയം നഗരസഭയിൽ താൽക്കാലിക ടെലിഫോൺ ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ജന്മനാ പൂർണ്ണമായും അന്ധനായ ശ്രീ.പി.എച്ച്.റഷീദിന് ടി തസ്തിക കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി സ്ഥിരനിയമനം നൽകുന്ന കാര്യം മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി അനുവദിക്കാമോ എന്ന വിഷയത്തിൽ പരാമർശം നാലായി വായിച്ച കത്ത് പ്രകാരം കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ അനുമതി ആരാഞ്ഞിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ കോട്ടയം മുൻസിപ്പാലിറ്റിയിൽ നിലവിലുള്ള ടെലഫോൺ അറ്റൻഡർ തസ്തിക ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുൾപ്പെടുന്നതാണെന്നും റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽപ്പെട്ടതും പി.എസ്.സി മുഖേന നിയമനം നടത്തേണ്ടതുമായ തസ്തികയെ കണ്ടിജന്റ് വിഭാഗത്തിലേക്ക് മാറ്റുന്നത് നിലവിലുള്ള നിയമങ്ങളുടെ ലംഘനമാണെന്നും ആയതിനാൽ റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽപ്പെട്ട ടെലഫോൺ അറ്റൻഡർ തസ്തിക കണ്ടിജന്റ് വിഭാഗത്തിലുൾപ്പെടുത്തി ശ്രീ.പി.എച്ച്.റഷീദിനെ സ്ഥിരപ്പെടുത്താനുള്ള തീരുമാനത്തോട് വിയോജിക്കുന്നതായി പരാമർശം അഞ്ചാമതായി വായിച്ച കത്ത് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ അറിയിച്ചു.

മുൻതീരുമാനം പുനഃപരിശോധിക്കാൻ പബ്ളിക് സർവ്വീസ് കമ്മീഷനോട് പരാമർശം ആറാമതായി വായിച്ച കത്ത് പ്രകാരം വീണ്ടും അഭ്യർത്ഥിച്ചു. എന്നാൽ മുൻതീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം 7 ലെ കത്ത് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ അറിയിച്ചു.

ഈ സാഹചര്യത്തിൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കോട്ടയം നഗരസഭയിൽ താൽക്കാലിക ടെലഫോൺ ഓപ്പറേറ്ററായി ജോലിചെയ്യുന്ന ശ്രീ.പി.എച്ച്.റഷീദിന്റെ യോഗ്യതയും തൊഴിൽ പരിചയവും, ടി ആൾ ജന്മനാ 100% അന്ധനാണെന്നുള്ള കാര്യവും, ടിയാന് മറ്റുവരുമാന മാർഗങ്ങൾ ഇല്ലാത്തതിനാൽ കുടുംബത്തെ സംരക്ഷിക്കാൻ വളരെയധികം ബുദ്ധിമുട്ടുകയാണെന്ന വസ്തുതയും പരിഗണിച്ച് കോട്ടയം നഗരസഭയിലെ ടെലഫോൺ ഓപ്പറേറ്റർ തസ്തിക കണ്ടിജന്റ് വിഭാഗത്തിൽ

ഉൾപ്പെടുത്തി പ്രസ്തുത തസ്തികയിൽ ശ്രീ.പി.എച്ച്.റഷീദിനെ സ്ഥിരപ്പെടുത്തുന്നതിന് മാനുഷിക പരിഗണന നൽകി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കോട്ടയം നഗരസഭ
പൊതുഭരണ(എസ്.സി) വകുപ്പ് (3961 ാം നമ്പർ തീരുമാന പ്രകാരം)
ശ്രീ.പി.എച്ച്.റഷീദ്, ടെലഫോൺ ഓപ്പറേറ്റർ, കോട്ടയം നഗരസഭ
(സെക്രട്ടറി. കോട്ടയം നഗരസഭ മുഖേന)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**